ഇതിനുപുറമെ കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 835.62 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളിലും സഹകരണ ആശുപത്രികളിലും രണ്ടാം ഘട്ടത്തിൽ എത്ര കോവിഡ് രോഗികൾക്ക് കിടത്തി ചികിത്സ നൽകിയെന്ന് ജില്ല, സർക്കാർ, സഹകരണ ആശുപത്രികൾ എന്നിവയുടെ പേര്, രോഗികളുടെ എണ്ണം എന്നീ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകുമോ?

കോവിഡ് വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിൽ (2021 ഏപ്രിൽ 01 മുതൽ ജൂലൈ 31 വരെ) സംസ്ഥാനത്ത് ആകെ കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം 282316 ആണ്. ജില്ല, സർക്കാർ, സഹകരണ ആശുപത്രികൾ എന്നിവ തിരിച്ചുള്ള കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

കോവിഡ് റിലീഫ് പാക്കേജ്

246 (3273) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 20000 കോടി രൂപയുടെ സമഗ്ര കോവിഡ് റിലീഫ് പാക്കേജ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിയ ആരോഗ്യക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യമിഷൻ മുഖേന താഴെ പറയുന്ന ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന ദുരന്തനിവാരണ സമിതി മുഖേന 70.69 കോടി രൂപ അനുവദിച്ചു. ഇതിൽ 54.87 കോടി രൂപ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിരിക്കുന്നത്.

1. ക്വാറന്റൈൻ, ഐസോലേഷൻ തുടങ്ങിയവയ്ക്കായുള്ള അറ്റകുറ്റപ്പണികൾ, കൺട്രോൾ കാൾ സെന്ററുകളുടെ പ്രവർത്തനം, ടെയിനിംഗുകൾ, സാംപിൾ കളക്ഷൻ, ലോജിസ്റ്റിക്സ് മുതലായവയാണ്.

2. ആശുപത്രി വികസന സമിതികൾക്കുള്ള ഫണ്ട്, ഇതുവരെ 57.36 കോടി രൂപ, ഇതിനായി അനുവദിച്ചു. കോവിഡ് സാഹചര്യത്തിൽ ആശുപത്രികളുടെ വരുമാനം കുറഞ്ഞതിനാൽ ആശുപത്രി വികസന സമിതികൾ മുഖേന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ വേതനം, മറ്റ് അവശ്യകാര്യങ്ങൾക്കുമായാണ് ഈ ഫണ്ട് അനുവദിച്ചിരിക്കുന്നത്.

3. കോവിഡ് ബ്രിഗേഡ് ഫണ്ട് കരാർ ജീവനക്കാർക്കുള്ള ഇൻസന്റീവും അലവൻസുമായി ഇതുവരെ 145.42 കോടി അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ ജില്ലകൾക്കുമൊപ്പം വയനാട് ജില്ലയ്ക്കും മുകളിൽ പ്രതിപാദിച്ചിരിക്കുന്നവയിൽനിന്നും അനുവദിച്ച ഫണ്ടുകൾ താഴെ പറയുന്നു.

സംസ്ഥാന ദുരന്തനിവാരണ സമിതി	-	125 ലക്ഷം
ആശുപത്രി വികസന സമിതി	-	212.76 ലക്ഷം
കരാർ ജീവനക്കാർക്കുള്ള ഇൻസെന്റീവും അലവൻസും	-	665.940 ലക്ഷം

പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

247 (3274) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നല്കുന്ന ധനസഹായം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

(എ-സി) ബി.പി.എൽ. കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതി വനിതശിശു വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.

ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്ക് നിർമ്മാണം

248 (3275) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മറ്റം സെന്ററിൽ സ്ഥിതി ചെയ്യുന്ന കണ്ടാണശ്ശേരി ഫാമിലി വെൽഫെയർ സെന്ററിന്റെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly